# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3513 | 15.03.2018-ൽ മറുപടിക്ക്

**റവന്യൂ സ്റ്റാമ്പിന്റെ ലഭ്യതക്കുറവ്**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കെ.വി.വിജയദാസ്** | | **ശ്രീ.റ്റി.എം.തോമസ് ഐസക്** **(ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
| എ) ഒരു രൂപ വിലയുള്ള റവന്യൂ സ്റ്റാമ്പിന്റെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ; | എ) | ഒരു രൂപ വിലയുള്ള റവന്യൂ സ്റ്റാമ്പിന് ചില പ്രദേശങ്ങളിൽ നേരിയ ലഭ്യതക്കുറവ് അനുഭവപ്പെട്ടതായ വിവരം ശ്രദ്ധയിൽപ്പെട്ടിരുന്നു. |
| ബി) ഇപ്രകാരം കുറവ് ഉണ്ടാകുവാനുണ്ടായ കാരണം വ്യക്തമാക്കാമോ; ഭാവിയിൽ ഇത്തരം കുറവ് ഉണ്ടാവാതിരിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;<br>സി) റവന്യൂ സ്റ്റാമ്പിന്റെ കുറവ് പരിഹരിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;<br>ഡി) എങ്കിൽ വിശദ വിവരം നൽകുമോ? | ബി) യും സി) യും ഡി) യും | റവന്യൂ സ്റ്റാമ്പ് ഇൻഡ്യയിൽ ആകമാനം വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനാൽ നാസിക് ഇൻഡ്യാ സെക്യൂരിറ്റി പ്രസ്സിൽ നിന്നും ഇൻഡന്റിന് പുറമേ ആവശ്യപ്പെട്ട അളവിൽ ആയത് ലഭ്യമായിട്ടില്ല.<br>2017 നവംബർ മാസത്തിനു ശേഷം തിരുവനന്തപുരം സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ നിന്നും ട്രഷറികൾക്ക് റവന്യൂ സ്റ്റാമ്പ് ലഭ്യമായിട്ടില്ല. ഈ കാലയളവിൽ ട്രഷറികളിലെ നീക്കിയിരിപ്പ് ഉപയോഗിച്ചുകൊണ്ട് സംസ്ഥാനത്തെ റവന്യൂ സ്റ്റാമ്പിന്റെ ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. നിലവിൽ 36 ലക്ഷത്തോളം റവന്യൂ സ്റ്റാമ്പ് ട്രഷറികളിൽ നീക്കിയിരിപ്പുണ്ട്.<br>ചില പ്രദേശങ്ങളിൽ ഒരു രൂപയുടെ റവന്യൂ സ്റ്റാമ്പിന് അനുഭവപ്പെട്ട നേരിയ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന്, ആയത് കൂടുതൽ സ്റ്റോക്കുള്ള ട്രഷറികളിൽ നിന്നും സ്റ്റോക്ക് കുറവുള്ള ട്രഷറികളിലേക്ക് പുന:ക്രമീകരിച്ചു നൽകി ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്. അതോടൊപ്പം റവന്യൂ സ്റ്റാമ്പടക്കമുള്ള മുദ്രപ്പത്രങ്ങൾ നാസിക്കിൽ നിന്നും എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ